പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 236 | 8.07.2015 ൽ മറുപടി നല്കേണ്ടത്. |
| --- | --- |

**കുപ്പിവെള്ളത്തിന്റെ നിലവാരനിർണ്ണയം**

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | ശ്രീ. രാജു എബ്രഹാം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്തു വിൽക്കുന്ന കുപ്പി വെള്ളവും സോഡയും 2001-ലെ Food Safety And Standards (Food Products Standards And Food Additives) Regulations ൽ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളവയാണെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; | എ) | സംസ്ഥാനത്തു വിൽക്കുന്ന കുപ്പിവെള്ളവും സോഡയും നിശ്ചിതഗുണനിലവാരമുള്ള താണെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ത്തെ എല്ലാ സ്ഥലങ്ങളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുള്ളതും നിശ്ചിത നിലവാരമില്ലാത്തതോ അൺസെയ്ഫ് ആയോ കണ്ടെത്തുന്ന ഉൽപന്നത്തിന്റെ ഉൽപാദന വിതരണ വിൽപന കേന്ദ്രങ്ങൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷ . ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്. കുപ്പിവെള്ളത്തിന്റെയും സോഡയുടെയും 54 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ സംസ്ഥാനത്ത് മൂന്ന് സാമ്പിളുകൾ unsafe ആയും കുപ്പിവെള്ളത്തിന്റെ ഒരു സാമ്പിൾ നിശ്ചിതനിലവാരമില്ലാത്തതും Misbranded ആയും കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | അന്യസംസ്ഥാനത്തുനിന്നു കൊണ്ടുവരുന്നവയുൾപ്പെടെയുള്ള കുപ്പിവെള്ളം നിലവാര നിർണ്ണയം നടത്തിയതിനുശേഷമാണോ വിൽക്കാൻ അനുമതി നൽകിയിരിക്കുന്നത് ; നിലവാര നിർണ്ണയം നടത്തുന്നതിന് എന്തൊക്കെ സംവിധാനമാണുള്ളത് ; | ബി) | അന്യസംസ്ഥാനത്തുനിന്നു കൊണ്ടു വരുന്ന വയുൾപ്പെടെയുള്ള വിപണിയിൽ ലഭ്യമായ എല്ലാ കുപ്പിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന കുപ്പിവെള്ള സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അനലറ്റിക്കൽ ലാബിൽ പരിശോധന നടത്തി നിശ്ചിത നിലവാരം പരിശോധിക്കപ്പെടുന്നത്. |
| സി) | പാക്കേജിംഗ് സ്ഥാപനങ്ങൾ പരിശോധിക്കാറുണ്ടോ എങ്കിൽ പരിശോധനാഫലം എന്തായിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തുടർ നടപടികൾ എന്തെന്നും അറിയിക്കുമോ? | സി) | പാക്കേജിംഗ് സ്ഥാപനങ്ങളുൾപ്പെടെ കുപ്പിവെള്ളത്തിന്റെയും സോഡയുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ സംസ്ഥാനത്ത് മൂന്ന് സോഡയുടെ സാമ്പിളുകൾ unsafe ആയും കുപ്പിവെള്ളത്തിന്റെ ഒരു സാമ്പിൾ നിശ്ചിതനിലവാരമില്ലാത്തതാണെന്നും കണ്ടെത്തിയിട്ടുണ്ട്. ആയവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പ്രോസിക്യൂഷനടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പായ്ക്ക് ചെയ്തു വിൽക്കുന്ന കുടിവെള്ളത്തിന്റെയും സോഡയുടെയും വില നിർണ്ണയിച്ച് ചൂഷണം തടയാൻ നടപടി സ്വീകരിക്കുമോ? | ഡി) | കുപ്പിവെള്ളത്തിന്റെയും സോഡയുടെയും വില നിർണ്ണയിക്കുന്നത് ആരോഗ്യവകുപ്പല്ല. |

സെക്ഷൻ ഓഫീസർ